"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് - സ്കീം 1 പ്രകാരമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് നാഷണൽ ഹെൽത്ത് മിഷന് കൈമാറി - നിർവ്വഹണം പൂർത്തീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.295/2025/LSGD തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022.
2. സ.ഉ.(സാധാ)നം. 1625/2023/തസ്വഭവ; തീയതി 09.08.2023.
3. സ.ഉ.(സാധാ) നം.1643/2024/LSGD; തീയതി 07.09.2024.

**<u>ഉത്തരവ്</u>**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച 2021-22 ലെ വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരാമർശം 1 പ്രകാരവും 2022-23 ലെ വിഹിതം (സ്കീം 6 ഒഴികെ) വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരാമർശം 2 പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

2. ഇപ്രകാരം അനുവദിച്ച തുകയുടെ 50% ചെലവഴിച്ചാൽ മാത്രമേ ഹെൽത്ത് ഗ്രാന്റിന്റെ തുടർന്നുള്ള ഗഡുക്കൾ ലഭ്യമാകുകയുള്ളൂ എന്നതിനാലും, 2022-23ൽ സ്കീം 1 (കെട്ടിടങ്ങളില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം) പ്രകാരം ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ള തദ്ദേശ സ്ഥാപനങ്ങൾ മിക്കതും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും, 13 പി.എച്ച്.സി.കൾക്കും, 5 സി.എച്ച്.സി.കൾക്കും കെട്ടിടനിർമ്മാണത്തിനായി മേൽ സ്കീം ആദ്യ ഗഡു ആയി അനുവദിച്ച തുക നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ന് കൈമാറി നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേന നടപ്പിലാക്കുന്നതിന് പരാമർശം 3 പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.

3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികളുടെ നിർവഹണം വളരെ പതിയെയാണ് നിലവിലും പുരോഗമിക്കുന്നത് എന്ന് സർക്കാർ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം 1 പ്രകാരം, ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട് (പരാമർശം 2

ഉത്തരവിന്റെ അനക്സർ 1 പ്രകാരം അനുവദിച്ചത്), നാഷണൽ ഹെൽത്ത് മിഷന് കൈമാറി നിർവഹണം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ആരോഗ്യ ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെൻഡർ ക്ഷണിച്ച് വർക്ക് അനുവദിച്ച് കഴിഞ്ഞിട്ടുണ്ടെങ്കിൽ, ആ പ്രോജക്ടിന്റെ നിർവ്വഹണം തുടർന്നും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് തന്നെ തുടരാവുന്നതാണ്.
- മേൽ പ്രവൃത്തികൾക്കായി ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പോലും സ്വീകരിച്ചിട്ടില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾ, കെട്ടിടനിർമ്മാണത്തിനായുള്ള ഫണ്ട് നാഷണൽ ഹെൽത്ത് മിഷന് കൈമാറേണ്ടതാണ്.
- ടെൻഡർ ക്ഷണിക്കുകയും എന്നാൽ (Letter of Acceptance (LOA) നൽകിയിട്ടില്ലാത്തതുമായ കേസുകളിൽ സമയപരിധി നിശ്ചയിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം പ്രവൃത്തി അനുവദിക്കുന്ന നടപടി പൂർത്തിയായില്ലെങ്കിൽ തുക NHM-ന് കൈമാറി നിർവഹണം പൂർത്തിയാക്കേണ്ടതാണ്.

4. മേൽ നിർദ്ദേശ പ്രകാരം തദ്ദേശ ഭരണ സ്ഥാപനം തന്നെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്ന സാഹചര്യങ്ങളിൽ, യഥാസമയം നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്നും കാലതാമസം കൂടാതെ തുക വിനിയോഗിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ കൃത്യമായും ആയത് മോണിറ്റർ ചെയ്യേണ്ടതാണ്.

5. പരാമർശം 3 ഉത്തരവ് നിലനിൽക്കുന്നതാണ്. കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം 2 പ്രകാരം അനുവദിച്ച തുക (അനക്സർ 2 & 3) വിനിയോഗിക്കുന്നതിന് പരാമർശം 3 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ

10. ഡയറക്ടർ-റൂറൽ
11. ഡയറക്ടർ -അറബൻ
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 31-01-2025 12:53:28

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്